# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയന്നൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA TSR(P12)/ 631 /22 dt.22.06.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2) അസിസ്റ്റൻറ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: No.KSA TSR(P12)/ 631 /22 dt.22.06.22 തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 02-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റാം മനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ.ഇ.എൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ.പി.ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ,വി.എസ്, ഓഡിറ്റർ
ശ്രീ.ജോയ്സൻ.സി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.തങ്കമ്മ.വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.കെ.എം.അഷറഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഗണേഷ്.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോയ് മുരിങ്ങാത്തേരി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ.വിനോദ്.ഇ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ-ചാർജ്ജ് | 01-06-2020 | 06-01-2021 |
| ശ്രീമതി.ഉമ.ടി.എൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-01-2021 | 31-03-2021 |
| ശ്രീമതി.സൗമ്യ.എം.പി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബ ജോർജ്ജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഹണിമോൾ.ജെ.കട്ടക്കയം | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബിനു ഗോപാൽ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 24-05-2020 |
| ശ്രീമതി.നസൈബ.പി.എം | വ്യവസായ വികസന ഓഫീസർ | 25-05-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ.എ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 14-01-2021 |
| ശ്രീമതി.ശ്രീജ | ക്ഷീര വികസന ഓഫീസർ | 15-01-2021 | 26-01-2021 |
| ശ്രീ.അനൂപ് | ക്ഷീര വികസന ഓഫീസർ | 27-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.സരസ്വതി.കെ | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ഡോ.ഷീബ.കെ.ജെ | സൂപ്രണ്ട്, സി.എച്ച്.സി, തിരുവില്വാമല | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-5 |
| 8 | കാഷ് പരിശോധന<br>Written By: Joyson (Auditor, On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-6 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9 |
| 12 | നോട്സ് ടു അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-1 |
| 13 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-2 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-3 |
| 15 | ആസ്തിയുടെ മൂല്യം നെഗറ്റീവ് തുക കാണിക്കുന്നു.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-4 |
| 16 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Dhanya.A (Auditor, On 29-06-2022) | 1-9-5 |
| 17 | വാടക രജിസ്റ്റർ - സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-9-6 |

| | | |
|---|---|---|
| | Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | |
| 18 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-9-7 |
| 19 | ഡെപ്പോസിറ്റ്, മറ്റ് ബാധ്യതകൾ - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-8 |
| 20 | ആസ്തി രജിസ്റ്റർ - സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-9 |
| 21 | ഗുണഭോക്തൃവിഹിതം- അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-10 |
| 22 | പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-11 |
| 23 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-12 |
| 24 | സ്റ്റോക്ക് ഇൻ ഹാൻഡ് തുകയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-13 |
| 25 | ആസ്തികളുടെ ഡിപ്രിസിയേഷൻ- വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-14 |
| 26 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-15 |
| 27 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷികച്ചെലവിന്റെ ഭാഗമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-16 |
| 28 | എല്ലാ ചെലവുകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-9-17 |
| 29 | ഇടപാടുകൾ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-9-18 |
| 30 | ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-10 |
| 31 | ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-11 |
| 32 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-12 |
| 33 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022) | 1-13 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | |
| 34 | അസറ്റ് മാനേജ്മെന്റ് മാന്വൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 09-05-2022)<br>Last Updated By: Dhanya.A (Auditor, On 29-06-2022) | 1-14 |
| 35 | മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-15 |
| 36 | മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 09-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-16 |
| 37 | നടീൽ യന്ത്രം വാങ്ങിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-17 |
| 38 | ആസ്തികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-18 |
| 39 | റ്റി.ഡി.എസ് ഐറ്റി ഈടാക്കിയില്ല<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-19 |
| 40 | വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-20 |
| 41 | ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നു<br>Written By: Joyson (Auditor, On 18-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-21 |
| 42 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-22 |
| 43 | ജി.എസ്.ടി വിഹിതം അധികം നൽകി<br>Written By: Jayan VS (Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-23 |
| 44 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 13-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-24 |
| 45 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Jayan VS (Auditor, On 13-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-25 |
| 46 | കെട്ടിടം പണിയുന്നതിന് മുൻപേ എക്സ്-റേ മെഷീൻ വാങ്ങി - ഒന്നര വർഷത്തിന് ശേഷം മാത്രമേ സ്ഥാപിക്കുവാനായുള്ളൂ<br>Written By: Jayan VS (Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-26 |
| 47 | മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രോജക്റ്റ് തയ്യാറാക്കി<br>Written By: Jayan VS (Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-27 |
| 48 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 13-04-2022)<br>Last Updated By: Dhanya.A (Auditor, On 29-06-2022) | 1-28 |
| 49 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം - | 1-29 |

| | | |
|---|---|---|
| | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | |
| 50 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ സ്കോളർഷിപ്പ് അനുവദിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-30 |
| 51 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-31 |
| 52 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-32 |
| 53 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ഫയലുകൾ, ചെലവുരേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-33 |
| 54 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-34 |
| 55 | ജലരക്ഷ-ജീവരക്ഷ പ്രോജക്ടിന്റെ തുടർവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 1-35 |
| 56 | വർക്ക്സ് കോൺട്രാക്ടിന് അധിക നിരക്കിൽ ജി.എസ്.ടി അനുവദിച്ചു<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-36 |
| 57 | ജനറേറ്റർ സ്ഥാപിക്കൽ-ജനറേറ്ററുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ജനറേറ്ററുകളുടെ ലോഗ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-37 |
| 58 | MORD സ്പെസിഫിക്കേഷൻ 800 ലെ ആവശ്യകതയേക്കാൾ കൂടുതൽ അളവിൽ Dry Aggregate ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു - നിരക്ക് ഉയർന്ന് നിൽക്കുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 11-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-38 |
| 59 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം<br>Written By: Ram Manohar V.K (Audit Officer (HG), On 11-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-39 |
| 60 | കാലിബ്രേഷൻ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 11-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 1-40 |
| 61 | നാപ്കിൻ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 11-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 1-41 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ സ്കോളർഷിപ്പ് അനുവദിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 3-1 |
| 2 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 11-05-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 23-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 24-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jeejo Job (Senior Grade Auditor, On 16-04-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 25.02.20-ലെ തീരുമാനം 1 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ തയ്യാറാക്കിയ 2020-21 വർഷത്തെ കരട് ബജറ്റ് അംഗീകരിച്ചു. ആയത് ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റ് വിശദാംശങ്ങൾ ചേർത്തിട്ടില്ല. 29.02.20-ലെ ഭരണസമിതി യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 30.03.20-ലെ തീരുമാനം 7(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഇതനുസരിച്ച് മുൻബാക്കി 50,91,86,966 രൂപയും, പ്രതീക്ഷിത വരുമാനം 26,95,91,520 രൂപയും ചേർത്ത് ആകെ വരവ് 77,87,78,486 രൂപയും ആകെ ചെലവ് 18,38,76,424 രൂപയും നീക്കിബാക്കി 59,49,02,062 രൂപയും ആണ്. 24.02.21 ലെ യോഗത്തിലെ തീരുമാനം 5(1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 1,81,58,478 രൂപയും, പ്രതീക്ഷിത വരുമാനം 14,25,02,732 രൂപയും ചേർത്ത് ആകെ വരവ് 16,06,61,210 രൂപയും ആകെ ചെലവ് 14,94,80,128 രൂപയും നീക്കിബാക്കി 1,11,81,082 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്കു മുൻപായി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച ബ്ലോക്ക് പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ മുൻകൂറുകൾ സംബന്ധിച്ച എസ്റ്റിമേറ്റ്, റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് തുടങ്ങിയ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(2) വകുപ്പനുസരിച്ച്, ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും, സർക്കാർ ഗ്രാന്റുകളിലും, അംശദായങ്ങളിലും, ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ് ഈ വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.04.20-ലെ തീരുമാനം 4(1) പ്രകാരം 2019-20 സാമ്പത്തികവർഷത്തെ 47 പ്രോജക്ടുകൾ സ്പിൽ ഓവർ ആയി 2020-21 വർഷത്തിൽ ഡി.പി.സി അംഗീകാരത്തോടുകൂടി നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.05.20-ലെ തീരുമാനം 5(1) പ്രകാരം 2020-21 വർഷത്തിൽ കേരള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം സുഭിക്ഷ പദ്ധതിയിലേക്ക് തുക വകയിരുത്തുന്നതിന് വേണ്ടി പ്രോജക്ടുകൾ പുനഃക്രമീകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.06.20-ലെ തീരുമാനം 5(1) പ്രകാരം 2020-21 വർഷത്തിലെ സി.എഫ്.സി ഗ്രാന്റ് അനുവദിച്ചുവന്ന സാഹചര്യത്തിൽ പ്രോജക്ടുകൾ പുനഃക്രമീകരിച്ച് നടപ്പിലാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.06.21 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,47,21,999 |
| വരവ് | 8,67,93,202 |
| ആകെ | 11,15,15,201 |

| | |
|---|---|
| ചെലവ് | 8,81,00,759 |
| നീക്കിയിരിപ്പ് | 2,34,14,442 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,01,13,000 | 3,01,13,000 | 3,01,07,378 | 5,622 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 25,95,30,985 | 25,95,30,985 | 2,58,39,222 | 11,38,763 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,79,000 | 3,79,000 | 1,10,033 | 2,68,967 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 67,11,425 | 67,11,425 | 67,11,425 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ബേസിക് ഗ്രാന്റ്) | 0 | 72,30,000 | 72,30,000 | 61,04,137 | 11,25,863 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | 0 | 72,30,000 | 72,30,000 | 62,83,406 | 9,46,594 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 13,85,59,251 | 111 | 7,43,66,071 | 7 | 5 | 90.24 |

## 1-6 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 12.4.2022 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 മുതൽ 27.11.2021 വരെ | 2020-21 | 04.03.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2021 മുതൽ 16.03.2021 വരെ | 01.04.2015 മുതൽ 31.01.2021 വരെ | 16.08.21 |

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-9-1 നോട്സ് ടു അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിക്കേണ്ട 'നോട്സ് ടു അക്കൗണ്ട്സ്' ഉൾപ്പെടുത്താതെയാണ് ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ)).

### 1-9-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-9-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)13,07,517/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,65,087/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-9-4 ആസ്തിയുടെ മൂല്യം നെഗറ്റീവ് തുക കാണിക്കുന്നു.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം 410700101- Waste Treatment Mechanical Plants എന്ന ആസ്തിയുടെ മൂല്യം (165853) രൂപ ആണ്. ആസ്തിയുടെ മൂല്യം നെഗറ്റീവ് തുക വന്നത് വിശദീകരിക്കേണ്ടതാണ്.

### 1-9-5 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അക്കൗണ്ടിംഗിലെ അപാകതകൾ

ഇൻകം & എക്സ്പൻഡീച്ചർ പത്രിക ഷെഡ്യൂൾ ഐ-3 പ്രകാരം 130100101 – Rent From Buildings എന്ന ശീർഷക പ്രകാരം 2020-21 വർഷത്തെ വാടക ഡിമാന്റ് 26,120/- രൂപയാണ്. റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി.43 - പ്രകാരം തൻവർഷം പിരിച്ചെടുത്ത തുക 23,330/- രൂപയാണ്. എന്നാൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകയായി ബാലൻസ് ഷീറ്റിൽ ഒന്നും കാണിച്ചിട്ടില്ല. ആയതിന് കാരണം തെറ്റായ ശീർഷകത്തിൽ വാടക തുക വരവ് വെച്ചിരിക്കുന്നതാണ്. 120020100122 Dt.25/03/21 എന്ന റസീറ്റ് പ്രകാരം 2,790/- രൂപ പിരിച്ചെടുത്തിരിക്കുന്നത് രേഖപ്പെടുത്തിയിരിക്കുന്നത് 431400101 - Rent Receivables From Buildings (Current) എന്ന ശീർഷകത്തിന് പകരം 130100101 – Rent From Buildings എന്ന ശീർഷകത്തിലാണ്. മാത്രമല്ല ടി തുക റീസീവബിൾസ് ശീർഷകത്തിൽ ഡിമാന്റ് എൻടി നടത്തിയിട്ടില്ല.

ഓഡിറ്റിനായി സമർപ്പിക്കപ്പെട്ട 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കെട്ടിടങ്ങളുടെ വാടക ഡിമാന്റ് 2,25,090/- രൂപ ആയിരുന്നു. എന്നാൽ 2020-21 ൽ വാടക ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 26,120/- രൂപ മാത്രമാണ്. ആയത് വിശദീകരിക്കേണ്ടതാണ്.

## 1-9-6 വാടക രജിസ്റ്റർ - സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, വാടകയ്ക്ക് നൽകുന്ന മുറികളെ സംബന്ധിച്ച് ചുരുക്കവിവരം തയ്യാറാക്കി വർഷാവസാനം സാക്ഷ്യപ്പെടുത്താത്തതിനാൽ വാടക സംബന്ധിച്ച വരവിന്റെ ആധികാരികത പരിശോധിക്കാനായില്ല.

## 1-9-7 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-9-8 ഡെപ്പോസിറ്റ്, മറ്റ് ബാധ്യതകൾ - സാക്ഷ്യപ്പെടുത്തുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, ഗവ. ഡ്യൂസ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-9 എന്നിവ പ്രകാരമുള്ള ഇനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-9-9 ആസ്തി രജിസ്റ്റർ - സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-10 ഗുണഭോക്തൃവിഹിതം- അക്കൗണ്ടിംഗിലെ അപാകതകൾ

ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ ഐ - 6 പ്രകാരം 160300206 Beneficiary Contribution എന്ന ശീർഷകം നെഗറ്റീവ് ബാലൻസ് (42,588) ആണ്. മേൽ ശീർഷകത്തിലെ ഒരേ ഒരു ഇടപാടിലെ വിവരണ പ്രകാരം പ്രോജക്ട് നമ്പർ 30/19 ന്റെ ഗുണഭോക്തൃവിഹിതമായ 42,588/- രൂപ TSB ചെക്ക് നം.545813 Dt.17/04/2020 പ്രകാരം നൽകിയത് രേഖപ്പെടുത്തിയിരിക്കുന്നത് ടി.എസ്.ബി അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്തു കൊണ്ടും 160300206 Beneficiary Contribution എന്ന അക്കൗണ്ടിനെ ഡെബിറ്റ് ചെയ്തു കൊണ്ടുമാണ്. യഥാർത്ഥത്തിൽ ടി.എസ്.ബി. അക്കൗണ്ടിന് ക്രെഡിറ്റ് നൽകിക്കൊണ്ടും ബന്ധപ്പെട്ട ചെലവ് ശീർഷകത്തെ ഡെബിറ്റ് ചെയ്തു കൊണ്ടുമാണ് ഇടപാട് രേഖപ്പെടുത്തേണ്ടിയിരുന്നത്. കൂടാതെ 320800101 Beneficiary Contribution എന്ന ബാധ്യത ശീർഷകത്തെ ഡെബിറ്റ് ചെയ്തു കൊണ്ടും തത്തുല്യമായ തുക ഗുണഭോക്തൃവിഹിതത്തിന്റെ വരവ് ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തും ജേണൽ എൻട്രി രേഖപ്പെടുത്തേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തപ്പെടുകയോ, ടി തുക ബന്ധപ്പെട്ട ബാധ്യത ശീർഷകത്തിൽ നിന്നും കുറവ് ചെയ്യപ്പെടുകയോ ചെയ്തില്ല. മാത്രമല്ല 320800101 Beneficiary Contribution എന്ന ബാധ്യത ശീർഷകത്തിൽ 2020-21 വർഷത്തെ മുൻബാക്കിയായി അവശേഷിക്കുന്നത് 21,294/- രൂപ മാത്രമാണ്. 2020-21-ൽ ഗുണഭോക്തൃ വിഹിതമായി മേൽ ശീർഷക പ്രകാരം തുകയൊന്നും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ഗുണഭോക്തൃവിഹിതമായി 42,588/- രൂപ അനുവദിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-9-11 പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

31/03/2020-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2021-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 26/07/2011 തിയ്യതിയിലെ 152/2011/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-9-12 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- സാക്ഷ്യപ്പെടുത്തുന്നില്ല.

അസി.എഞ്ചിനീയർ ലഭ്യമാക്കിയ 2020-21-ൽ പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികളുടെ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരമുള്ള Capital Work In Progress എന്ന ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-9-13 സ്റ്റോക്ക് ഇൻ ഹാൻഡ് തുകയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരമുള്ള Stock In Hand തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

## 1-9-14 ആസ്തികളുടെ ഡിപ്രിസിയേഷൻ- വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2020-21 വർഷത്തെ Income And Expenditure 1-17(a) പത്രിക പ്രകാരം ₹2049623/- ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-9-15 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്കും യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ എൻട്രികൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-9-16 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷികച്ചെലവിന്റെ ഭാഗമാക്കിയില്ല.

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) മൂന്നാം ഗഡു അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 68575/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പൻഡീച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-9-17 എല്ലാ ചെലവുകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുണ്ടെങ്കിലും പദ്ധതിച്ചെലവുകൾ കാണിക്കുന്ന 'സുലേഖ' ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സുലേഖ ചെലവ് പത്രികയിൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 3,14,000/- രൂപയുടെയും എസ്.സി.പിയിൽ 26,28,920 രൂപയുടെയും കുറവ് ഉണ്ട്.

## 1-9-18 ഇടപാടുകൾ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

2020-21-ലെ പല പേയ്മെന്റുകളും ശരിയായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തിട്ടില്ല. തൻവർഷത്തിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ഡെപ്പോസിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ആസ്തിശീർഷകങ്ങളിൽ ബുക്ക് ചെയ്യുകയും പൂർത്തീകരണത്തിന് ശേഷം മാത്രം റവന്യൂ ചെലവായി മാറ്റുകയും ചെയ്യുന്നതിന് പകരം 251200801- Drinking Water –General എന്ന റവന്യൂ ചെലവ് ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | തുക | വൗച്ചർ നം./ തീയതി |
|---|---|---|---|---|
| 1 | 146/21 | കൈരളി കുടിവെള്ള പദ്ധതി - ചേലക്കര ഗ്രാമപഞ്ചായത്ത് | 1,13,935/- | 22000801/11.02.21-1935/-<br>22000843/17.03.21 – 1,12,000/- |
| 2 | 147/21 | എ.കെ.ജി.കുടിവെള്ള പദ്ധതി - ചേലക്കര ഗ്രാമപഞ്ചായത്ത് | 1,17,935/ | 22000802/11.02.21 – 1935/-<br>22000844/17.03.21 – |

| | | | | |
|---|---|---|---|---|
| | | | | 1,16,000/ |

## 1-10 ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163-ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 165-ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.02/06.04.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടിക പ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(6)-ാം വകുപ്പ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതികളുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതിയുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തിനും അയച്ചുകൊടുക്കുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം തങ്ങളുടെ വികസന പദ്ധതികളുടെ പകർപ്പ് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/06.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതികളുടെ പകർപ്പുകൾ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ബ്ലോക്ക് പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളോടും അവരുടെ പദ്ധതികളുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരു പദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4)-ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/06.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ലെന്നും ആയത് തയ്യാറാക്കി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1)-ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1)-ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്തംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം

പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.04/06.04.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ഒരു റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തുന്നില്ല. അതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2019-20-ൽ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച ശേഷം 2021-22ൽ ആണ് പൗരാവകാശരേഖ പുതുക്കിയത് എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.1/06.04.22) മറുപടി ലഭ്യമാക്കിയത്. 2020-21 വർഷത്തിൽ കോവിഡ് സാഹചര്യം കാരണം പൗരാവകാശരേഖ പുതുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിയമവ്യവസ്ഥകൾ യഥാവിധി പാലിക്കേണ്ടതും പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കേണ്ടതും അനിവാര്യമാണ്.

## 1-14 അസറ്റ് മാനേജ്മെന്റ് മാന്വൽ - നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017-ലെ ജി.ഒ(ആർ.ടി) നം. 166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 07 തീ. 11.04.22 ) നൽകിയിരുന്നു.

1) ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ബ്ലോക്ക് പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് മാനുവൽ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്നും ആയത് സംബന്ധിച്ച പ്രശ്നങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും അത് പരിഹരിക്കുന്നതിലേക്കായി 2022-23 വർഷത്തിൽ ആസ്തി സംരക്ഷണ സർവ്വെ എന്ന പേരിൽ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(II) 30.05.20-ലെ ഭരണസമിതി തീരുമാനം 5(2) താഴെ ചേർക്കുന്നു.

“ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹണം പൂർത്തികരിച്ചിട്ടുള്ള

1. ചക്ക സംസ്കരണ വിപണന യൂണിറ്റ്

2. പ്ലാസ്റ്റിക് ഷ്രഡിംഗ് & ബയലിംഗ് യൂണിറ്റ്

3. സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ്

എന്നിവ വിവിധ വനിതാ സ്വയം സഹായസംഘം യൂണിറ്റുകൾക്ക് നിർവ്വഹണം നടത്തുന്നതിനായി വിട്ടുനൽകുകയും ആയതിന് ആവശ്യമായ ബൈലോ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി ഉചിതമാർഗേണ സമർപ്പിക്കുന്നതിന് തീരുമാനിച്ചു." എന്നാൽ ബൈലോക്ക് സർക്കാർ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല.

(Iii) 29.07.20-ലെ ഭരണസമിതി തീരുമാനം 12(6) താഴെ ചേർക്കുന്നു.

"27/07/2020 തീയതിയിലെ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ, എസ്.എസ്.കെ, ബി.ആർ.സി പഴയന്നൂരിന്റെ കത്ത് യോഗം വിശദമായി ചർച്ച ചെയ്തു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കെട്ടിടം പഴയന്നൂർ ബി.ആർ.സിയുടെ കീഴിൽ ഓട്ടിസം സെൻറർ തുടങ്ങുന്നതിനായി കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് അവശ്യപ്പെടുന്ന സമയത്ത് തിരികെ നൽകണമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി കൈമാറുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

(Iv) 27.08.20-ലെ ഭരണസമിതി തീരുമാനം 12(5) താഴെ ചേർക്കുന്നു.

"തൃശ്ശൂർ കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്ററുടെ 11.08.2020 തീയതിയിലെ 1199/C/16/KS/TSR നമ്പർ കത്ത് യോഗം വിശദമായി ചർച്ച ചെയ്തു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ വർക്ക് ഷെഡ് അനുവദിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത വർക്ക് ഷെഡിൽ ജല സൗകര്യവും, വൈദ്യുതികണക്ഷനും നിലവിലില്ലാത്ത സാഹചര്യത്തിൽ ആയത് ഒരുക്കുന്നതിന് ആവശ്യമായ 10 ലക്ഷം രൂപ അനുവദിക്കുന്ന പക്ഷം മേൽ പറഞ്ഞ ബിൽഡിങ്ങ് എ.ബി.സി സെന്റർ ആരംഭിക്കുന്നതിന് കൈമാറാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാനവൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-15 മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി -ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാനവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/ത.സ്വ.ഭ.വ -ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാനവൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യുഡി -ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന - ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന -ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ് ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം

അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു.

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർ ചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാനുവൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/11.04.22.)

## 1-16 മരാമത്ത് പണികൾ - മാനുവൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി –ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാനുവൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി –ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ത.സ്വ.ഭ.വ –ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ –കരാറുകാർ സമർപ്പിക്കുന്നില്ല

2012-ലെ പിഡബ്ള്യുഡി മാനുവൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പിഡബ്ള്യുഡി മാനുവൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല.

പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാനുവൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല.
ഉദാഹരണം 1) പ്രോജക്ട് നം. 47/21 പഞ്ചായത്ത് ശ്മശാനം പാമ്പാടി റോഡ് പുനരുദ്ധാരണം
2) പ്രോജക്ട് നം. 41/21 ആമാട്ടുപാറ പ്ലാന്റേഷൻ ഒലിച്ചിറോഡ് നിർമ്മാണം

3) ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാനുവൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/11.04.22.)

## 1-17 നടീൽ യന്ത്രം വാങ്ങിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല

പ്രോജക്ട് നം.80/20-21(SC) പട്ടികജാതി ഹരിതസേനകൾക്ക് കാർഷിക ഉപകരണങ്ങൾ നൽകൽ പദ്ധതി പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 2 ഗ്രൂപ്പുകൾക്ക് 2 നടീൽ യന്ത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കേരള അഗ്രോ

ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 425880/- രൂപയ്ക്കാണ് 2 നടീൽ യന്ത്രങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/12.4.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ക്വട്ടേഷൻ രീതിയിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം നടീൽ യന്ത്രം നിർമ്മിക്കുന്നില്ല എന്ന സാഹചര്യത്തിൽ ഒരു ലക്ഷത്തിന് മുകളിൽ വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ചെയ്യാമായിരുന്നു. ആയതിനാൽ വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതും, യന്ത്രം വാങ്ങിയ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ആസ്തികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. വൗച്ചർ നം.22000152 തീ.24.11.20 പ്രകാരം പാഞ്ഞാൾ വനിതാ വർക്ക് ഷെഡിന്റെ ഉദ്ഘാടനത്തിനായി പണം ചെലവഴിച്ചിട്ടുണ്ട്. ഈ ഷെഡുകളിൽ ഏതു തരം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഈ ഷെഡുകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള വരുമാനം ബ്ലോക്കിനുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/12.4.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികൾ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വൗച്ചർ നം.22000335 തീ.23.09.20 പ്രകാരം എസ്.സി വനിതാ വ്യവസായ കേന്ദ്രത്തിന് 35,846/- രൂപ ചെവഴിച്ചിട്ടുണ്ട്. ഇവിടെ ഏതു തരം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഈ വ്യവസായ കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള വരുമാനം ബ്ലോക്കിനുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/12.4.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികൾ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ പ്രസ്താവിച്ച ആസ്തികളൊന്നുംതന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 റ്റി.ഡി.എസ് ഐറ്റി ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ പ്രോജക്ട് നം.34/2020-21 ജനകീയാസൂത്രണത്തിന്റെ കാൽ നൂറ്റാണ്ട്-ഡോക്യുമെന്റേഷൻ എന്ന പദ്ധതിയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസനനേട്ടങ്ങൾ പ്രതിപാദിക്കുന്ന പ്രത്യേക പതിപ്പ് പുറത്തിറക്കുന്നതിന് പ്രീതി ഓഫ് സെറ്റ് പ്രിന്റേഴ്സിന് വൗച്ചർ നം.2200048 തീ.24.11.20 പ്രകാരം 99,600/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ റ്റി.ഡി.എസ് ഐ.റ്റി കുറവു വരുത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/12.4.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ റ്റി.ഡി.എസ് ഐ.റ്റി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

വൗച്ചർ നം.22000127 തീ.17.6.20 പ്രകാരം ടോറസ് എജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 1,17,000/- രൂപയ്ക്ക് 10 ബാറ്ററികൾ വാങ്ങിയതായി കാണുന്നു. ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടപടികൾ നടത്തിയിട്ടുള്ളത്. ഒരു ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നിഷ്കർഷിച്ചിട്ടുള്ളപ്പോൾ ക്വട്ടേഷൻ ചെയ്താണ് വാങ്ങൽ നടപടികൾ പൂർത്തീയാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/12.4.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-21 ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നു

2020-21 സാമ്പത്തിക വർഷത്തിൽ ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണുന്നു.

| വൗച്ചർ നം. | തിയ്യതി | തുക | വാഹനം |
|---|---|---|---|
| 22000247 | 17.8.20 | 15,639/- | KL48C9570 |
| 22000592 | 4.3.21 | 34,750/- | KL48C2000 |
| 22000486 | 7.1.21 | 25,618/- | KL48C9570 |

15,000/- മുകളിൽ വരുന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ക്വട്ടേഷൻ മുഖേനയാണ് ചെയ്യേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/12.4.22 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 106/21, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും, ചെലവ് തുക – 10,99,350/-
നിർവ്വഹണ ഉദ്യോഗസ്ഥ –സി.ഡി.പി.ഒ
വൗച്ചർ നം. 22000746/13.01.2021, തുക –3,00,000
വൗച്ചർ നം. 22000747/13.01.2021, തുക –91,350
വൗച്ചർ നം. 22000765/16.01.2021, തുക –2,00,000
വൗച്ചർ നം. 22000766/16.01.2021, തുക –3,00,000
വൗച്ചർ നം. 22000767/16.01.2021, തുക –2,08,000

മേൽ പ്രോജക്ട് പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന് 3,00,000/- രൂപയും തിരുവില്വാമല ഗ്രാമപഞ്ചായത്തിന് 2,99,350/- രൂപയും വിഹിതം കൈമാറിയിട്ടുണ്ട്. ഇവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.25/13.04.2022).

## 1-23 ജി.എസ്.ടി വിഹിതം അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥ –സി.ഡി.പി.ഒ
പ്രോജക്ട് നം. SO - 95/21, തിരുവില്വാമല, ചേലക്കര സി.എച്ച്.സികളിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം
വൗച്ചർ നം. 22000647/18.05.2020, തുക –9,98,176/-
പ്രോജക്ട് നം. SO –96/21, പഴയന്നൂർ സി.എച്ച്.സിയിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം
വൗച്ചർ നം. 22000227/12.04.2020, തുക –4,96,662/-

കെ.എസ്.ഐ.ഇ നടപ്പിലാക്കിയ മേൽ പ്രവൃത്തികളുടെ വാല്യുവേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ എന്ന് രേഖപ്പെടുത്തിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ജി.എസ്.ടി 18% വകയിരുത്തി നൽകിയിട്ടുണ്ട്. Detailed Estimate EST No. 2019/14675 പ്രകാരം 5,00,216/- രൂപ ചേലക്കര സി.എച്ച്.സിയിലും Detailed Estimate EST No. 2019/15130 പ്രകാരം 4,97,960/- രൂപ തിരുവില്വാമല സി.എച്ച്.സിയിലും Detailed Estimate EST No. 2019/15133 പ്രകാരം 4,96,662/- രൂപ പഴയന്നൂർ സി.എച്ച്.സിയിലും Setting Up Of Feeding Room എന്ന പ്രവൃത്തിക്കായാണ് 18% GST പ്രൊവിഷൻ ചേർത്ത് കണക്കാക്കിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച എസ്റ്റിമേറ്റുകൾ പ്രകാരം പാർട്ടീഷ്യൻ വർക്ക്, പ്ലംബിംഗ് & ഇലക്ട്രിഷ്യൻ വർക്ക്, ഇന്റീരിയർ വർക്ക് എന്നിവയ്ക്കാണ് കൂടുതലും തുക വകയിരിത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ വർക്ക് കോൺട്രാക്ട് എന്ന നിലയിൽ 12 % ജി.എസ്.ടി മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

വർക്ക് കോൺട്രാക്ടിന് 12% ജി.എസ്.ടി അനുവദിക്കേണ്ടതിന് പകരം 18% ജി.എസ്.ടി അനുവദിക്കുവാനുണ്ടായ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/13.04.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് അധികം നൽകിയ ജി.എസ്.ടി തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ ചേലക്കര, പഴയന്നൂർ, തിരുവില്വാമല എന്നിവിടങ്ങളിലെ സി.എച്ച്.സികളിലെ എച്ച്.എം.സി വാർഷിക കണക്കുകൾ വർഷങ്ങളായി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/11.04.2022) സി.എച്ച്.സികളിൽ നിന്ന് ലഭ്യമാക്കിയ മറുപടികൾ പ്രകാരം വാർഷിക കണക്കുകൾ ഉടൻ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എച്ച്.എം.സി കണക്കുകൾ എത്രയും വേഗം ഓഡിറ്റിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല.

1) പ്രോജക്ട് നമ്പർ 31/21, പാലിയേറ്റീവ് കെയർ, ചെലവ് തുക –2,98,970/-, വികസന ഫണ്ട് (ജനറൽ)
വൗച്ചർ നം. 22000863/24.03.2021, തുക –1,14,529
പ്രൊഫോമ ഇൻവോയ്സ് നം. PRF-5452/16.02.2021 പ്രകാരം 1,14,529/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. 3548/10.07.2021, തുക –6049/-, നം. 800/12.11.2021, തുക –336/-, നം. 8885/12.11.2021, തുക

–6552/-, നം. 9668/06.12.2021, തുക – 56,844/-, എന്നിങ്ങനെ മൊത്തം 69,781/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 44,748/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) പ്രോജക്ട് നമ്പർ SO-83/21, പാലിയേറ്റീവ് കെയർ
വൗച്ചർ നം. 22000119/11.04.2020, തുക – 1,13,390/-, വികസന ഫണ്ട് (ജനറൽ)
പ്രൊഫോമ ഇൻവോയ്സ് നം. PRF- 3798/09.01.2020 പ്രകാരം 1,13,390/- രൂപ മരുന്നിനായി KMSCL-ന് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. 1836/26.05.2021, തുക –56,802/-, നം. 1838/26.05.2021, തുക –34,810/-, നം. 3181/30.06.2021, തുക –6386/- എന്നിങ്ങനെ മൊത്തം 97,998/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 15,392/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 20/12.04.2022.

## 1-26 കെട്ടിടം പണിയുന്നതിന് മുൻപേ എക്സ്-റേ മെഷീൻ വാങ്ങി - ഒന്നര വർഷത്തിന് ശേഷം മാത്രമേ സ്ഥാപിക്കുവാനായുള്ളൂ

പ്രോജക്ട് നമ്പർ SO-106/21, എക്സ്-റേ മെഷീൻ സ്ഥാപിക്കൽ, ചെലവ് തുക –10,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
വൗച്ചർ നം. 22000281/15.05.2020, തുക –9,14,643/-
വൗച്ചർ നം. 22000225/12.04.2020, തുക –85,357/-

ഇൻവോയ്സ് നം. 1331726081/26.02.2020 പ്രകാരം 9,14,643/- രൂപ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി Fuji Film India Pvt Ltd, Chennai എന്ന സ്ഥാപനത്തിനും 85,357/- രൂപ ചെയർ, അലമാര എന്നിവയ്ക്കായി കെ.എസ്.ഐ.ഡി.സി ലിമിറ്റഡ് എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. എന്നാൽ 15.09.2021-ന് മാത്രമാണ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. Running Contract Details പ്രകാരം Installation & Delivery Period എട്ട് ആഴ്ചയാണ്. കമ്പ്യൂട്ടറൈസ്ഡ് മെഷീൻ സ്ഥാപിക്കുവാനുള്ള കെട്ടിടം പണി പൂർത്തിയാകാത്തതിനാലാണ് ഇത്രയും കാലതാമസം വന്നത് എന്നാണ് വാക്കാൽ അറിയിച്ചത്. കെട്ടിടം പണിയാതെ മെഷീന് വേണ്ടി തുക ചെലവഴിക്കുകയും ഒന്നര വർഷത്തോളം ജനങ്ങൾക്ക് ഉപകാരപ്പെടാതിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 20/12.04.2022-ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-27 മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെ പ്രോജക്ട് തയ്യാറാക്കി

പ്രോജക്ട് നമ്പർ SO-85/21 സഞ്ചരിക്കുന്ന വനിതാ ലാബ്, ചെലവ് തുക – 2,71,643/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
വൗച്ചർ നം. 22000120/11.04.2020, തുക –1,52,038
വൗച്ചർ നം. 22000220/11.04.2020, തുക –1,19,605

A) പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 22/2018/ത.സ്വ.ഭ.വ, തീ.14.02.2018 ഖണ്ഡിക 6.4 പ്രകാരം ചെറുകിട വ്യവസായം എന്ന വിഭാഗത്തിൽ കുടുംബശ്രീ സംവിധാനത്തിലൂടെ വനിതകൾക്ക് ജീവിത ശൈലീ രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായുള്ള പ്രോജക്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഈ പ്രോജക്ട് സി.എച്ച്.സി നേരിട്ട് നടപ്പിലാക്കുകയാണ് ചെയ്തിരിക്കുന്നത്. ആയത് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല.

B) ഇൻവോയ്സ് നം.INV-MJRI/19-20/375, Dt.18.03.2020 പ്രകാരം 1,19,605/- രൂപയും ഇൻവോയ്സ് നം.INV-MJRI/19-20/344, Dt.12.03.2020 പ്രകാരം 1,52,038/- രൂപയും സിഡ്കോ മാർക്കറ്റിങ്ങ് സെന്ററിന് ഗ്ലൂക്കോമീറ്റർ, ഹീമോമീറ്റർ, ഗ്ലൂക്കോസ്ട്രിപ്പ്, ഹീമോസ്ട്രിപ്പ്, ബി.പി.അപ്പാരറ്റസ് എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ വിളിക്കാതെയാണ് ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ജി.ഒ(ആർ.ടി) നം.49/2019/SPD, തീ.14.11.2019 പ്രകാരം ഹോസ്പിറ്റൽ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനാണ് ടെണ്ടർ ഒഴിവാക്കി നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയതിന്റെ കാരണം അറിയിച്ചിട്ടില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/12.04.2022-ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-28 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ 33/21, മൂന്ന് സി.എച്ച്.സി കളിലെ അത്യാവശ്യ ചെലവുകൾ, ചെലവ് തുക -12,80,000/-

A) വൗച്ചർ നം. 22000285/22.05.2020, തുക -1,18,211/-
തിരുവില്വാമല സി.എച്ച്.സിയിലെ ജനറേറ്റർ റിപ്പയർ ചെയ്തതിന് 17,000/- രൂപ മെക്കാനിക്കിന് നൽകിയിട്ടുണ്ട്. എന്നാൽ റിപ്പയറിങ്ങിനുള്ള സാമഗ്രികൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല, പകരം ലേബർ ചാർജ്ജ് സഹിതം മൊത്തം തുക വെള്ള പേപ്പറിൽ എഴുതി മെക്കാനിക്ക് സമർപ്പിക്കുകയും തുക അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ റിപ്പയറിങ്ങിനുള്ള സാമഗ്രികൾ വാങ്ങിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സുകൾ വാങ്ങേണ്ടതും ലേബർ ചാർജ്ജിനായി പ്രത്യേകം വൗച്ചർ സൂക്ഷിക്കേണ്ടതുമാണ്. റിപ്പയറിങ് വിവരങ്ങൾ മെഷീൻ ലോഗ് ബുക്കിൽ ചേർക്കേണ്ടതുമാണ്.

B) വൗച്ചർ നം. 22000835/04.03.2021, തുക -32,272/-
ജനറേറ്ററിന്റെ ബാറ്ററി വാങ്ങിയ വകയിൽ 3,500/- രൂപ Geekay Enterprises, ചേലക്കര എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഇൻവോയ്സ് നം.685/25.01.2021). പഴയ ബാറ്ററിയുടെ വില കുറവ് ചെയ്യുകയോ സ്ക്രാപ്പായി കണക്കാക്കി രജിസ്റ്ററിൽ ചേർത്ത് ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. റിപ്പയറിങ് വിവരങ്ങൾ മെഷീൻ ലോഗ് ബുക്കിൽ ചേർക്കേണ്ടതും പഴയ ബാറ്ററിയുടെ വില കുറവ് ചെയ്യാത്ത പക്ഷം സ്ക്രാപ്പായി കണക്കാക്കി രജിസ്റ്ററിൽ ചേർത്ത് ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം നം. 20/12.04.2022

## 1-29 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 1. പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി പൂർത്തീകരണം 97/21 (Spill Over)<br>2. പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി - 135/21<br>3. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം - 134/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |
| പദ്ധതിക്കായി ചെലവഴിച്ച തുക | 1. 97/21- Rs. 2,50,000/- (എസ്.സി.പി ഫണ്ട്)<br>2. 135/21 – Rs. 42,50,000/- „ „<br>3. 134/21 – Rs. 19,00,000/- „ „ |

പഠനമുറി നിർമ്മാണം ധനസഹായ രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികൾ മുഖേന ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നാളിതു വരെ അനുവദിച്ച ധനസഹായം | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | നിരഞ്ജന,<br>D/o.രാജൻ,<br>വാഴാട് കോളനി, കൊണ്ടാഴി | 125000 | ലഭ്യമല്ല. |
| 2 | മേഘ്ന,<br>D/o.സുനിത,<br>കോൽപ്പുറത്ത് നാട്യൻചിറ | 125000 | 19.01.21 |
| 3 | സ്നേഹ.പി.എസ്, D/o.സുനിൽകുമാർ,<br>പറക്കുന്നത്ത് വീട്, പുലാക്കോട് | 125000 | 29.09.21 |
| 4 | അഖില,<br>D/o. രാധാകൃഷ്ണൻ, പുത്തൻമാരി, മലേശമംഗലം,<br>തിരുവില്വാമല | 125000 | 29.09.21 |
| 5 | ആതിര.പി.യു, D/o.ഉണ്ണികൃഷ്ണൻ, ഹരിനിവാസ്,<br>കുത്താമ്പുള്ളി, തിരുവില്വാമല | 125000 | 29.09.21 |

| | | | |
|---|---|---|---|
| 6 | ആതിരമോൾ,<br>D/o.രാജശ്രീ, മണിയങ്ങാട്ട്കോളനി,<br>കണിയാർക്കോട്, തിരുവില്വാമല | 125000 | 15.12.21 |
| 7 | അജിഷ.പി.എ, D/o.ബിന്ദു.ടി.,<br>പടിഞ്ഞാക്കരപ്പറമ്പിൽ, നെടുംമ്പുര,<br>ചെറുതുരുത്തി | 125000 | 25.10.21 |
| 8 | നമിത,<br>D/o.സുമിത,<br>വടക്കാട്ടുപടി, തൊഴുപ്പാടം | 125000 | 23.12.21 |
| 9 | ജിനീഷ.ആർ,<br>D/o.അംബിക രാജൻ, കോട്ടാട്ട് കുന്ന്,<br>മലേശമംഗലം | 125000 | 29.09.21 |
| 10 | അനുപമ,<br>D/o.മണികണ്ഠൻ, കോഴിമാംപറമ്പിൽ,<br>നെടുമ്പുര, വള്ളത്തോൾ നഗർ | 125000 | 29.09.21 |
| 11 | ആദിത്യ.കെ.ആർ, D/o.പുഷ്പലത,<br>കൊളപ്പുള്ളി, കിള്ളിമംഗലം | 125000 | 29.09.21 |
| 12 | ആർദ്ര,<br>D/o.മോഹൻദാസ്, മഠത്തിൽത്തൊടി,<br>പൈങ്കുളം | 125000 | 29.09.21 |
| 13 | സനുഷ,<br>D/o.ഉണ്ണിമോൻ, പാലാട്ട്പടി, മലേശമംഗലം | 125000 | 29.09.21 |
| 14 | ആര്യ.വി, D/o.വിജയൻ.സി, കുതിരംപാറ,<br>പട്ടിപ്പറമ്പ്, തിരുവില്വാമല | 125000 | 29.09.21 |
| 15 | കാർത്തിക.പി.ആർ, D/o.രമ,<br>പാലഞ്ചേരി, തോന്നൂർക്കര, ചേലക്കര | 125000 | 29.09.21 |
| 16 | സനിത.എ.സി, D/o.നിഷമോൾ,<br>ആലായ്ക്കൽ, നാട്യൻചിറ, ചേലക്കര | 125000 | 25.03.22 |
| 17 | സിൻഷ,<br>D/o.ബേബി,<br>ആലായ്ക്കൽ, നാട്യൻചിറ | 125000 | 25.03.22 |
| 18 | മേഘ.കെ.ടി,<br>D/o.ശാലിനി, തേക്കിൻകാട്ടിൽ, എളനാട്,<br>പഴയന്നൂർ | 125000 | 25.09.21 |
| 19 | കാവ്യ.യു,<br>D/o.ഉദയകുമാരി, പ്ലാക്കുണ്ടിൽ ഹൗസ്,<br>കൊണ്ടാഴി | 125000 | 29.09.21 |
| 20 | ശാരിക.എ.സി,<br>D/o.രാധിക കെ.എം, അമ്പാട്ടിൽ ഹൗസ്,<br>ഒലിച്ചികോളനി, കൊണ്ടാഴി | 50000 | ലഭ്യമല്ല |
| 21 | ശിവപ്രിയ,<br>D/o.രവീന്ദ്രൻ,<br>മുല്ലയ്ക്കൽ ഹൗസ്, കൊണ്ടാഴി | 125000 | 29.09.21 |
| 22 | ശ്രേയ,<br>D/o.ലത,<br>കുളിക്കുന്ന്, ചേലക്കോട്, കൊണ്ടാഴി | 125000 | 29.09.21 |
| 23 | ശ്രീത്മ,<br>D/o. രാമകൃഷ്ണൻ, ഒരുപോക്കിൽത്തൊടി,<br>വെങ്ങാനെല്ലൂർ | 125000 | 29.09.21 |
| 24 | സഞ്ജന,<br>D/o.കൃഷ്ണൻകുട്ടി, ചേലക്കാട്ട്കുന്ന്,<br>വെങ്ങാനെല്ലൂർ, ചേലക്കര | 125000 | 25.03.22 |

| | | | |
|---|---|---|---|
| 25 | നന്ദന പീതാംബരൻ, D/o.സിന്ധു പീതാംബരൻ, കൊളഞ്ചേരിത്തൊടി ഹൗസ്, വെങ്ങാനെല്ലൂർ, ചേലക്കര | 50000 | 28.03.21 |

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി മറുപടി നൽകേണ്ടതും പ്രോജക്ട് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ സ്കോളർഷിപ്പ് അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 21/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |
| പദ്ധതിക്കായി ചെലവഴിച്ച തുക | 26,15,830/- (എസ്.സി.പി.. ഫണ്ട്) |

2020-21 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ച കുമാരി.സുജില എം.എസ്, മുല്ലയ്ക്കൽ ഹൗസ്, ചെറുതുരുത്തി എന്ന വിദ്യാർത്ഥിനിക്ക് ഒരേ വർഷം ഒന്നിലധികം തവണ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് അനുവദിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | IFS CODE | അനുവദിച്ച തുക | തുക കൈമാറിയ തീയതി | UTR നമ്പർ | വൗച്ചർ നം./തീയതി |
|---|---|---|---|---|---|
| 67305732001 | SBIN0070971 | 20,000 | 16.10.2020 | U000000817909010 | 22000710/12.10.20 |
| | | 20,000 | 09.03.2021 | U000000851437888 | 22000833/04.03.21 |

മേൽ തുകകൾ പദ്ധതിക്ക് ആകെ ചെലവഴിച്ച തുകയായ 26,15,830/- രൂപയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

ഒരേ ഗുണഭോക്താവിന് രണ്ട് തവണ സ്കോളർഷിപ്പ് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/13.04.22) ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവിന് അധികമായി അനുവദിച്ച തുകയായ 20,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകത സംബന്ധിച്ച് മറുപടി നൽകേണ്ടതും അധികമായി പിൻവലിച്ച 20,000/- രൂപ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 21/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ |
| പദ്ധതിക്കായി ചെലവഴിച്ച തുക | 26,15,830/- (എസ്.സി.പി. ഫണ്ട്) |

2020-21 വർഷത്തിൽ നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത്കൊണ്ടുള്ള അതാത് ഗ്രാമപഞ്ചായത്തുകളുടെ തീരുമാനം ഫയലിൽ ഇല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ഗ്രാമപഞ്ചായത്തിന്റെ പേര് (സ്കോളർഷിപ്പ് വിതരണ രജിസ്റ്റർ പ്രകാരം) | അനുവദിച്ച സ്കോളർഷിപ്പ് തുക |
|---|---|---|---|
| 1 | ലക്ഷ്മി.കെ.എം, കോരംപള്ളത്ത്, പുതുശ്ശേരി | വള്ളത്തോൾ നഗർ | 20000 |
| 2 | സ്നേഹ.സി.എസ്, ചേയിക്കൽ, ചെറുതുരുത്തി | " " | 20000 |
| 3 | രജന ടി.ആർ, തിരുവളത്ത്, ചെറുതുരുത്തി | " " | 20000 |

| | | | |
|---|---|---|---|
| 4 | ശില്പ.കെ.എസ്, കോഴിമാംപറമ്പ് കോളനി, നെടുമ്പര | " " | 25000 |
| 5 | സുസ്മിത.എൻ.എസ്, നമ്പുള്ളിപ്പടി, വെട്ടിക്കാട്ടിരി | " " | 20000 |
| 6 | ശൈലേഷ്.കെ.എസ്, കോഴിമാംപറമ്പ് കോളനി, ചെറുതുരുത്തി | " " | 20000 |
| 7 | നേഹ.ടി.എൻ, തിരുത്തിപ്പുള്ളി, കല്ലേപ്പാടം | പഴയന്നൂർ | 20000 |
| 8 | സജി.കെ.എസ്, കാഞ്ഞിരമലയിൽ, എളനാട് | " " | 30000 |
| 9 | ശ്രുതി.വി.സി, വെണ്ടോക്കപറമ്പിൽ, വെന്നൂർ | " " | 20000 |
| 10 | അന്നപൂർണ്ണേശ്വരി, കുഴിച്ചാപുഞ്ചയിൽ, കുമ്പളക്കോട് | " " | 20000 |
| 11 | ഹരിദാസ്.പി.എം, പൊറ്റാരത്ത്, എളനാട് | " " | 25000 |
| 12 | നവ്യ രവി, അച്ചാട്ട് പടി, പുത്തിരിത്തറ | " " | 20000 |
| 13 | പ്രീതി.എ.സി, ആലേംകുന്നത്ത്, കല്ലേപ്പാടം, പഴയന്നൂർ | " " | 20000 |
| 14 | ബിനിഷ.പി.എൻ, പൂളക്കപ്പറമ്പ്, മലേശമംഗലം, തിരുവില്വാമല | തിരുവില്വാമല | 15000 |
| | ആകെ | | 2,95,000 |

ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 27/13.04.22) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭ്യമാക്കുന്നത് വരെ സ്കോളർഷിപ്പ് നൽകിയ 2,95,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ(ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക (₹) |
|---|---|---|---|---|
| | 22000005 | 17.04.20 | ദേശാഭിമാനി | 5,796 |
| | 22000439 | 24.11.20 | ദേശാഭിമാനി | 30,000 |
| | 22000753 | 14.01.21 | ദേശാഭിമാനി | 1,29,696 |
| ആകെ | | | | 1,65,492 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചുകിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 13.04.22ലെ 23-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്നും ക്രമീകരിക്കുന്നതിനും നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-33 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ ഫയലുകൾ, ചെലവുരേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ, ചെലവുരേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | വൗച്ചർ നമ്പർ | തിയതി | തുക |
|---|---|---|---|---|---|
| 1 | 12/21 | ലൈഫ് ഭവന പദ്ധതി- ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - വികസന ഫണ്ട് (ജനറൽ) | 22000783 | 21.01.21 | 60000 |
| | | | 22000816 | 18.02.21 | 220000 |
| | | | 22000750 | 14.01.21 | 200000 |
| | | | 22000819 | 18.02.21 | 40000 |
| | | | 22000795 | 09.02.21 | 260000 |
| | | | 22000827 | 04.03.21 | 160000 |
| | | | 22000817 | 18.02.21 | 320000 |
| | | | 22000818 | 18.02.21 | 960000 |
| | | | 22000862 | 22.03.21 | 40000 |
| | | | 22000822 | 22.03.21 | 160000 |
| | | | 22000826 | 04.03.21 | 40000 |
| | | | 22000860 | 22.03.21 | 40000 |
| | | | 22000861 | 22.03.21 | 160000 |
| 2 | 23/21 | പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണ പരിശീലനവും, വിതരണവും (മറ്റുള്ളവ) | 22000371 | 06-10-20 | 1687500 |
| 3 | 160/21 | ലൈഫ് പട്ടികവർഗ്ഗ ഭവനം - വികസന ഫണ്ട് (ടി.എസ്.പി) | 22000842 | 09.03.21 | 40000 |
| ആകെ | | | | | 43,87,500 |

രേഖകളുടെ അഭാവത്തിൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ചെലവഴിച്ച 43,87,500/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.24/12.04.2022)

## 1-34 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗം സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | വൗച്ചർ നമ്പർ | തിയതി | തുക | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 64/21 | ചേലക്കര തൊട്ടാവാടി കുളമ്പ് റോഡ് നിർമ്മാണം (വികസന ഫണ്ട് (എസ്.സി.പി) | 22000788 | 28.01.21 | 500000 | ചേലക്കര ഗ്രാമ പഞ്ചായത്ത് | ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട്, വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| 2 | 146/21 | കൈരളി കുടിവെള്ള പദ്ധതി (ചേലക്കര ഗ്രാമ പഞ്ചായത്ത്)- കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000801 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000843 | 17.03.21 | 112000 | | |
| 3 | 147/21 | ഏ.കെ.ജി. കുടിവെള്ള പദ്ധതി (ചേലക്കര ഗ്രാമ പഞ്ചായത്ത്)കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000802 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000844 | 17.03.21 | 116000 | | |
| 4 | 148/21 | ആശാരികുന്ന് കുടിവെള്ള പദ്ധതി (ചേലക്കര ഗ്രാമ പഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000803 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000845 | 17.03.21 | 113000 | | |
| 5 | 149/21 | ആലംകുന്ന് കുടിവെള്ള പദ്ധതി (പഴയന്നൂർ ഗ്രാമ പഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000804 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000846 | 17.03.21 | 56000 | | |
| 6 | 150/21 | ഇ.എം.എസ്. ഫ്ലാറ്റ് കുടിവെള്ള പദ്ധതി (വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000805 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000847 | 17.03.21 | 104000 | | |
| 7 | 151/21 | ഭജനമഠം കുടിവെള്ള പദ്ധതി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000806 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000849 | 17.03.21 | 120000 | | |
| 8 | 152/21 | പള്ളിക്കൽ സ്കൂൾ കുടിവെള്ള പദ്ധതി | 22000807 | 11.02.21 | 1935 | ഭൂജല വകുപ്പ്, | വിനിയോഗ/ പൂർത്തീകരണ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | (വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | | | | ജില്ലാ ഓഫീസ്, തൃശ്ശൂർ | സാക്ഷ്യപത്രം |
| | | | 22000848 | 17.03.21 | 1160000 | | |
| 9 | 153/21 | ചോഴിയംക്കോട് കുടിവെള്ള പദ്ധതി (തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000808 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| 10 | 154/21 | ഇസ്രായേൽ കുന്ന് കുടിവെള്ള പദ്ധതി (ചേലക്കര ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000809 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000850 | 17.03.21 | 114000 | | |
| 11 | 155/21 | പാറക്കടവ് കുടിവെള്ള പദ്ധതി (പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000810 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000851 | 17.03.21 | 59000 | | |
| 12 | 158/21 | കുളമ്പ് കുടിവെള്ള പദ്ധതി (പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000811 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000852 | 17.03.21 | 89100 | | |
| 13 | 159/21 | കിഴക്കേകുന്ന് കുടിവെള്ള പദ്ധതി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000812 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000853 | 17.03.21 | 117000 | | |
| 14 | 161/21 | ആലംപുഴ ലക്ഷം വീട് കുടിവെള്ള പദ്ധതി (പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000813 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000854 | 17.03.21 | 102000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | 163/21 | കന്നേരികാരയിൽ കടിവെള്ള പദ്ധതി (കൊണ്ടാഴി ഗ്രാമപഞ്ചായത്ത്) കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് | 22000814 | 11.02.21 | 1935 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം |
| | | | 22000855 | 17.03.21 | 105000 | | |

ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്റ്റുകളുടെ പകർപ്പും വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.30/13.04.2022).

## 1-35 ജലരക്ഷ-ജീവരക്ഷ പ്രോജക്റ്റിന്റെ തുടർവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

